# ലിംഗപദവി

കോവിഡുകാല
ചിന്തകളും
കുറിപ്പുകളും

നളിനി ജമീല
എസ്. ശാരദക്കുട്ടി
ഡോ. റോസി തമ്പി
പി.ഇ. ഉഷ
താഹ മാടായി
പേളി മാണി
പ്രിജിത്ത് പി.കെ.
തുടങ്ങിയവർ
എഴുതുന്നു.

എഡിറ്റർ
ഡോ. റ്റിസി മറിയം തോമസ്

DCB

# ഉള്ളടക്കം


ഭാഗം ഒന്ന്: സമൂഹം, മനസ്സ്, സംസ്കാരം

വ്യവസ്ഥ എന്ന രോഗകാരി: കോവിഡുകാലത്തെ
    സ്ത്രീകളുടെ മാനസികാരോഗ്യപ്രശ്നങ്ങൾ 15
    *വിജിത്ത് കെ.*

സഞ്ചാര സ്വാതന്ത്ര്യങ്ങളിലെ ലിംഗവിചാരങ്ങൾ 24
    *രജിത ജി.*

ഒരു അപരിചിത വ്യക്തി നമ്മുടെ മനോവ്യാപാരങ്ങളുടെ
    ഭാഗമാവുമ്പോൾ 35
    ഡോ. ബൈജു ഗോപാൽ

മഹാമാരിക്കാലസാഹിത്യം 43
    *ബിലു പത്മിനി നാരായണൻ*

രോഗകാലം - തിരിച്ചറിവുകളുടെ കാലം 52
    *എസ്. ശാരദക്കുട്ടി*

കോവിഡ്, മതം, സ്ത്രീ 60
    *ഡോ. ജാസി തമ്പി*

കൊറോണക്കാലത്തെ സൈബറിടം: പ്രവണതകളും
    പ്രതിഭാസങ്ങളും 67
    *ഡോ. സംഗീത ചേനംപുല്ലി*

അകലം, ആവരണം, അവതരണം 81
    *രാജരാജേശ്വരി ഇ.*

പുനഃസൃഷ്ടിക്കുന്ന കലായിടങ്ങൾ 92
    *പേളി മാണി/യു. ആരതി ശർമ്മ*

ഭാഗം രണ്ട്: വീട്, പ്രണയം, ബന്ധങ്ങൾ

വീട്ടകങ്ങളെ ട്രോളുമ്പോൾ: ഒരു ലോക്ക്ഡൗൺകാല കാഴ്ച 101
    *ടി. വി. സുനീത*

കോവിഡുകാലത്തെ സ്ത്രീ-പുരുഷ ബന്ധങ്ങൾ 112
    *അധ്യ. ജെ. സന്ധ്യ*

സാമൂഹിക അകലവും പ്രണയവും 120
    *എം. സന്ധ്യ*

# ഉള്ളടക്കം

*ഭാഗം ഒന്ന്:* സമൂഹം, മനസ്സ്, സംസ്കാരം

വ്യവസ്ഥ എന്ന രോഗകാരി: കോവിഡുകാലത്തെ സ്ത്രീകളുടെ മാനസികാരോഗ്യപ്രശ്നങ്ങൾ
*വിജിത്ത് കെ.* 15

സഞ്ചാര സ്വാതന്ത്ര്യങ്ങളിലെ ലിംഗവിചാരങ്ങൾ
*രജിത ജി.* 24

ഒരു അപരിചിത വ്യക്തി നമ്മുടെ മനോവ്യാപാരങ്ങളുടെ ഭാഗമാവുമ്പോൾ
*ഡോ. ബൈജു ഗോപാൽ* 35

മഹാമാരിക്കാലസാഹിത്യം
*ബിലു പത്മിനി നാരായണൻ* 43

രോഗകാലം - തിരിച്ചറിവുകളുടെ കാലം
*എസ്. ശാരദക്കുട്ടി* 52

കോവിഡ്, മതം, സ്ത്രീ
*ഡോ. റോസി തമ്പി* 60

കൊറോണക്കാലത്തെ സൈബറിടം: പ്രവണതകളും പ്രതിഭാസങ്ങളും
*ഡോ. സംഗീത ചേനംപുല്ലി* 67

അകലം, ആവരണം, അവതരണം
*രാജരാജേശ്വരി ഇ.* 81

പുനഃസൃഷ്ടിക്കുന്ന കലായിടങ്ങൾ
*ചേളി മാണി/യു. ആരതി ശർമ്മ* 92

*ഭാഗം രണ്ട്:* വീട്, പ്രണയം, ബന്ധങ്ങൾ

വീട്ടകങ്ങളെ ട്രോളുമ്പോൾ: ഒരു ലോക്ക്ഡൗൺകാല കാഴ്ച
*ടി. വി. സുനീത* 101

കോവിഡുകാലത്തെ സ്ത്രീ-പുരുഷ ബന്ധങ്ങൾ
*അഡ്വ. ജെ. സന്ധ്യ* 112

സാമൂഹിക അകലവും പ്രണയവും
*എം. സന്ധ്യ* 120

# വീടകങ്ങളെ തൊടുമ്പോൾ: ഒരു ലോക്ഡൗൺകാല കാഴ്ച

ടി. വി. സുനീത

മനുഷ്യവർഗ്ഗം കോവിഡ്-19 മഹാമാരിയുടെ മുൻപിൽ പകച്ചുനിൽക്കുന്ന ഒരു സമയത്താണ് ഈ ലേഖനം എഴുതപ്പെടുന്നത്. സ്ഥലഭേദമില്ലാതെ വലിപ്പച്ചെറുപ്പവ്യത്യാസമില്ലാതെ ഈ ഭൂമിയിൽ ആളുകൾ തീരെ ചെറിയ ഒരു സൂക്ഷ്മാണുവിനു മുൻപിൽ പേടിച്ച്, ഇനിയെന്ത് ചെയ്യണമെന്നറിയാതെ അന്ധാളിക്കുന്നു. മരണത്തിന്റെ നിഴലിൽ നിന്നുകൊണ്ട് മുഖം മറച്ചും അകന്നും വീടകങ്ങളിലേക്ക് ഒതുങ്ങിയും ഇതുവരെ ജീവിക്കാത്ത ജീവിതങ്ങൾ ജീവിക്കുന്നു.

മാധ്യമപ്രവർത്തകയായിരുന്ന കാലത്ത് ഒരിക്കൽ തടവുപുള്ളികളായ ചില സ്ത്രീകളോട് സംസാരിക്കാൻ ഇടയായി. അന്ന് അവർ പറഞ്ഞത് പുറംജീവിതവും ജയിൽജീവിതവും തമ്മിൽ വലിയ വ്യത്യാസം ഇല്ല എന്നും ഇവിടെ ഭർത്താവിന്റെ തല്ല് കൊള്ളേണ്ട എന്ന മെച്ചം ഉണ്ട് എന്നുമാണ്. ചില വശങ്ങൾ നോക്കുമ്പോൾ ജയിൽ ജീവിതമാണ് കൂടുതൽ ഭേദം, വിശ്രമം കൂടുതൽ ലഭിക്കും.

ഇതാണ് നമ്മുടെ സാക്ഷരസുന്ദരകേരളത്തിലെ സ്ത്രീകളുടെ അവസ്ഥ (അപവാദങ്ങൾ ധാരാളമുണ്ട് എന്നാലും). ജെ ദേവിക നിരീക്ഷിച്ചതുപോലെ അർത്ഥപൗരത്വമുള്ള ഒരു വിഭാഗമാണ് കേരളീയ സ്ത്രീകൾ(2010). ദിവസത്തിന്റെ പകുതി ഭാഗവും മനുഷ്യാവകാശങ്ങളുടെ പകുതിയും അലിഖിതമായ നിയമസംഹിതയാൽ കവർന്നെടുക്കപ്പെട്ടവരാണ് ഇവർ.

വീട് സ്ത്രീയുടെ തൊഴിലിടമാണ്, ആണിന്റെ വിശ്രമസ്ഥലവും. പുറത്തുപോയി തൊഴിൽ ചെയ്യുന്ന സ്ത്രീ ഒരു തൊഴിൽ സ്ഥലത്തുനിന്ന് മറ്റൊരു തൊഴിൽ സ്ഥലത്തേക്കു വരികയാണ് വീട്ടിലേക്കു വരുമ്പോൾ ചെയ്യുന്നത്. എവിടെയാണ് അവളുടെ വിശ്രമസ്ഥലം? തീരാത്ത വീട്ടുപണിയുടെ ഭാരങ്ങൾ വിരസതയുടെ പെരുംകടലുകളാണ്. ആവർത്തന സ്വഭാവമുള്ള മടുപ്പിക്കുന്ന പണികൾ മരണംവരെ ഒരു ബാധ്യതയായി സ്ത്രീയെ പിന്തുടരുന്നു.

പുറംലോകം ആണിനും അകം ലോകം പെണ്ണിനും ആണ് എന്നതാണ് പുരുഷാധിപത്യത്തിന്റെ വിധി. പുറത്തുപോയി ജോലി ചെയ്യുന്ന സ്ത്രീകൾപോലും എത്രയും വേഗം അകത്തെത്തുന്നു. വീട്ടമ്മമാർ എന്നാണ് സാധാരണയായും അകത്തമ്മമാർതന്നെ. പുരുഷകേന്ദ്രിതമായ

ജീവിതം മുഴുവനും പുറത്തുപോയി ജോലി ചെയ്യുന്ന സ്ത്രീകൾ അതു കഴിഞ്ഞ് തിരിച്ചെത്തിയാലും സാമാന്യമായി അകജീവിതങ്ങളാണു ജീവിക്കുന്നത്. ഒരു തരത്തിലുള്ള ലോക്ക്ഡൗൺ ജീവിതംതന്നെയാണിത്.

ആൺകോയ്മ പൂട്ടിട്ട ഈ ലോക്ക്ഡൗൺ അകജീവിതങ്ങൾക്കുള്ളിൽ സ്ത്രീകൾ ചില സ്വകാര്യമായ സ്വാതന്ത്ര്യങ്ങളും ആഹ്ലാദങ്ങളും അനുഭവിക്കുന്നുണ്ട്. ജീവിതം മുഴുവൻ നിറഞ്ഞുനിൽക്കുന്ന തിരക്കുകൾക്കിടയിൽ തന്റേതായ ചില സ്വകാര്യതകൾ, സർഗാത്മകതകൾ, ആനന്ദങ്ങൾ, വിശ്രമനേരങ്ങൾ എന്നീ തന്റെ ഇടങ്ങളിലേക്കുംകൂടെയാണ് പുറംലോകത്ത് വിരാജിക്കുന്ന ആണുങ്ങൾ ലോക്ക്ഡൗൺ കാലത്ത് കടന്നുകയറി നിറഞ്ഞത്.

## ഇങ്ങനെ ഒരു സുഖം പരിപാടി ആണുങ്ങൾക്ക് വേറില്ലാട്ടാ...

"എന്തോ റിസോർട്ടിലേക്കു ടൂർ പോയപോലത്തെ അവസ്ഥയാണ് അവർക്ക്, അതായത് ഹസ്ബൻഡ്സിന്. 24 മണിക്കൂറിൽ 15 മണിക്കൂർ പണിയുണ്ടായിരുന്നത് ഇപ്പോ 24 മണിക്കൂറിലേക്കു ഷിഫ്റ്റ് ആയി മാറിയിരിക്കുന്നു. പിള്ളേരെക്കാളും കഷ്ടം. ഇടയ്ക്കിടയ്ക്ക് തിന്നണം. അത് അവിടേം ഇവിടേം ണ്ടാക്കണം. നാല് പ്രാവശ്യം അടിച്ചു വാരണം. രണ്ടുപ്രാവശ്യം തുടയ്ക്കണം. എന്റെമോനേ... ഒന്ന് ബെഡ് വിരിക്കുമ്പോ അവിടെ വന്നിട്ട് ഒറങ്ങും. ഇങ്ങനെ ഒരു സുഖം പരിപാടി ആണുങ്ങക്ക് വേറില്ലാട്ടാ. രാവിലെ എണിക്കാ... ടിവി നോക്കാ... പിന്നെ വീണ്ടും തിന്നാ... ടിവി നോക്കാ... ഉച്ചയ്ക്ക് ഉറങ്ങ്വ... വൈന്നേരം ചായ... ടിവി...ചായ...എന്ത്ന്നിത്..."

ഇതു ലോക്ക്ഡൗൺ കാലത്ത് അയച്ചുകിട്ടിയ ഒരു ഓഡിയോ ക്ലിപ്പ് ആണ്. വീട്ടകത്തിന്റെ അവസ്ഥ സ്വാഭാവികമായ രീതിയിൽ രസകരമായി അവതരിപ്പിക്കുകയാണിവിടെ. ആണുങ്ങൾ ഹോട്ടലിൽ എന്നപോലെ ഭക്ഷണസാധനങ്ങൾക്ക് ഓർഡർ നൽകിയും ടിവിയും മൊബൈലും ഉപയോഗിച്ചും സമയം കഴിക്കുമ്പോൾ അവിടുത്തെ സ്ത്രീകൾ പണിയെടുത്തു മരിക്കുകയാണ്. അല്ലെങ്കിലും നമ്മുടെ മനസ്സുകളിൽ ആഴത്തിൽ പതിഞ്ഞ കുടുംബചിത്രം എന്താണ്? നിർത്താതെ പണിയെടുക്കുന്ന സ്ത്രീ. ചാരുകസേരയിൽ ഇരുന്നു പത്രം വായിക്കുന്ന പുരുഷൻ. കുറച്ചുകാലം മുമ്പുവരെ നാം പാഠപുസ്തകങ്ങളിൽ പഠിച്ച, നമ്മൾ എല്ലാവരും ഇപ്പോഴും സിനിമയിലും സീരിയലിലും കാണുന്ന, നമ്മുടെ വീടുകളിൽ ആവർത്തിക്കുന്ന അതേ ചിത്രം! ആ ചിത്രത്തിന് വലിയ മാറ്റമൊന്നും വന്നിട്ടില്ല. ആ ഇടത്തിൽ ഇരുന്നാണ് ലോക്ക്ഡൗൺ കാലത്ത് പുരുഷൻ സദാസമയവും ആജ്ഞകൾ പുറപ്പെടുവിക്കുന്നത്. അവന് ഇതു വിശ്രമകാലം. അവൾക്കോ... തീരാത്ത ജോലികളുടെ കാലം.

ഈ കാലത്ത് അവൾ വിയർത്ത് അടുക്കളയിൽ പണിയെടുത്തുകൊണ്ടിരുന്നപ്പോൾ ആണുങ്ങൾ എന്ത് ചെയ്തു? ടിവി കണ്ടു. സ്മാർട്ട്ഫോണിൽ സമയം കൊന്നു. ഇതൊന്നും പോരാഞ്ഞ് അവളെ പരിഹസിക്കുന്ന, പലപ്പോഴും അപമാനിക്കുന്ന മീമുകൾ (പോപ്പുലർ ഭാഷയിൽ ട്രോളുകൾ) ഉണ്ടാക്കി പങ്കിട്ട് രസിച്ചു. പുരുഷാധിപത്യബോധം ഉള്ളിൽ പേറുന്ന സ്ത്രീകളും അവ പങ്കിട്ടു കൂടെ ചിരിച്ചു, കൈയടിച്ചു.

### കൊറോണയും ഭാര്യയും

ദാമ്പത്യജീവിതത്തിലെ വിരസതയെപ്പറ്റി ആണുങ്ങൾ ഒരുപാട് പറഞ്ഞിട്ടുണ്ട്, പറയാറുണ്ട്. ഇതേ വിരസത സ്ത്രീകളും അനുഭവിക്കുന്നുണ്ടെങ്കിലും സ്ത്രീകൾക്ക് അതിനൊപ്പം ആണുങ്ങളുടെ അധികാരപ്രയോഗങ്ങളും സെൻസില്ലായ്മയും വീട്ടുജോലികളുടെ ആധിക്യവും അതുണ്ടാക്കുന്ന വിരസതയും മടുപ്പും ഭാരവും ഒക്കെ അധികമായുണ്ട്. ഒരിക്കലും പെൻഷൻ ആവാത്ത, റിട്ടയർമെന്റ് ആസ്വദിക്കാൻ ആവാത്ത ഈ 'കാണാപ്പണിയുടെ തിക്കുമുട്ട'ത്തിലും ഗാർഹികതയുടെ അസഹ്യതയിലും ആണ് സ്ത്രീജീവിതങ്ങൾ പണിയെടുത്തുതീരുന്നത്. എന്നാലും പല പല രൂപങ്ങളിൽ, പല ആഖ്യാനങ്ങളിൽ പുരുഷന്റെ ദാമ്പത്യവിരസത ആവിഷ്കരിക്കപ്പെടുന്നു. മറുവശം താരതമ്യേന കേൾക്കപ്പെടുകയോ പറയപ്പെടുകയോ ചെയ്യുന്നില്ല.

ഈ അവസ്ഥയിലേക്കാണ് കൊറോണയുടെ വിശ്രമ കാലത്ത് സ്ത്രീകൾ വച്ചുണ്ടാക്കുന്ന ഭക്ഷണം കഴിച്ച് ഏമ്പക്കം വിട്ട് പുരുഷകേസരികൾ അവളെ പരിഹസിക്കുന്ന ട്രോളുകൾ ഉണ്ടാക്കി വിടുന്നത്. താനിക്കും കുടുംബത്തിനുംവേണ്ടി ജീവിതം ഇൻവെസ്റ്റ് ചെയ്യുന്ന ഭാര്യയെ അവർ കൊറോണ വൈറസിനും അപ്പുറത്തുള്ള വിപത്തായാണു കണക്കാക്കുന്നത്. അവളോടുള്ള പുച്ഛം, അനിഷ്ടം, മടുപ്പ് എന്നിവമാത്രമല്ല ഇവിടെ പ്രകടമാകുന്നത്. അതും കടന്ന് ഒഴിവാക്കപ്പെടേണ്ട ഒരു മാരകരോഗത്തേക്കാൾ മോശമായാണ് അവൻ അവളെ കാണുന്നത്.

### 24 മണിക്കൂറും ഭാര്യതന്നെ മുന്നിൽ ഇതിലും ഭേദം കൊറോണവൈറസ് ആയിരുന്നു

സ്ത്രീസൗന്ദര്യം ബ്യൂട്ടിപാർലറുകളുടെ ഔദാര്യത്തിൽമാത്രം നിലനിൽക്കുന്ന ഒന്നാണ് എന്ന ധാരണ പൊതുസമൂഹം പങ്കിടുന്ന ഒന്നാണ്. ഈ വിഷയത്തിൽ നിരവധി തമാശകൾ നിലനിൽക്കുന്നുണ്ട്. മേക്കപ്പ് ഇട്ടും ഇടാതെയും ഉള്ള മുഖങ്ങളെ താരതമ്യം ചെയ്തുകൊണ്ട് വധു/ഭാര്യ, സിനിമാനടി വേദിയിൽ/ജീവിതത്തിൽ എന്നിങ്ങനെ നിരവധി തമാശകളും ട്രോളുകളും ലഭ്യമാണ്. എന്നാൽ കൊറോണക്കാലത്ത് ബ്യൂട്ടിപാർലറുകൾ അടച്ചതിനാൽ താടിയും മീശയും വളർന്ന സ്ത്രീകളെ

പറ്റിയും കണ്ടാൽ തിരിച്ചറിയാത്ത ഭാര്യമാരെപ്പറ്റിയും ഇറങ്ങിയ ട്രോളുകൾക്കു കൈയും കണക്കുമില്ല. ഇതാ ഒരു മാതൃക.

"ഉറങ്ങാൻ കട്ടിലിൽ കിടന്നപ്പോൾ ഏതോ ഒരുത്തി ഉണ്ട് അവിടെ കിടക്കുന്നു. സൂക്ഷിച്ചുനോക്കിയപ്പോൾ ഭാര്യയാണ്. ബ്യൂട്ടി പാർലർ അടച്ചപ്പോൾ മേക്കപ്പ് കുറഞ്ഞതുകൊണ്ട് ആളെ മനസ്സിലായില്ല."

കൊറോണ വൈറസിനെയും ഭാര്യയെയും താരതമ്യപ്പെടുത്തുകയാണ് മറ്റൊരു വിഭാഗം ട്രോളുകൾ. ഭീകരജീവികളായ രണ്ടും നിലയ്ക്ക് നിർത്തപ്പെടേണ്ടവരോ അടിച്ചമർത്തപ്പെടേണ്ടവരോ ആണ്. അവരെ സ്വതന്ത്രരായി വിട്ടാൽ ജീവിതം അപകടത്തിലാകും. ഈ രണ്ടു വിപത്തുകളെയും നേരിടേണ്ട വിധമാണ് ചില ട്രോളുകൾ വിവരിക്കുന്നത്.

"പുറത്തിറങ്ങിയാൽ കൊറോണ, അകത്തിരുന്നാൽ ഭാര്യ. പിന്നെ സമാധാനം എന്താണെന്നുവെച്ചാൽ സോപ്പിട്ടാൽ നിലയ്ക്ക് നിർത്താവുന്നതാണ് രണ്ടിനെയും. നമ്മൾ അതിജീവിക്കുകതന്നെ ചെയ്യും."

"കൊറോണവൈറസ് ഭാര്യമാരെപ്പോലെയാണ് തല്ലിയും തെറിപറഞ്ഞും നിലനിർത്താനാവില്ല. സോപ്പിടണം."

## വല്ലഭന് ട്രോളും ആയുധം

സ്ത്രീകളെ അടക്കിനിർത്താനും ഒതുക്കാനും സകല ആയുധങ്ങളും എടുത്തു പയറ്റുന്ന ആൺകോയ്മയ്ക്ക് ട്രോളുകളും അങ്ങനെ ഒരു ആയുധമായി മാറി. അമിതമായ നിയന്ത്രണങ്ങൾ, ഗാർഹികപീഡനം, പരിഹാസം, കമന്റടി, ലൈംഗികപീഡനം തുടങ്ങി നിരവധി രീതികളിൽ പ്രത്യക്ഷമാകുന്ന ഈ ഒതുക്കലിന്റെ മറ്റൊരു പ്രകടനസ്ഥലമാണ് സൈബർ സ്പേസ്. അവിടെ സ്വന്തം അഭിപ്രായം പറയുന്ന സ്ത്രീകളെയും വ്യത്യസ്തരായ സ്ത്രീകളെയും ഒക്കെ തെറിവിളിച്ചും ലൈംഗിക അധിക്ഷേപങ്ങൾ നടത്തിയും അപമാനിച്ചും വിരാജിക്കുകയാണ് കേരളീയ പുരുഷന്മാർ. ആശയങ്ങളെ ആശയങ്ങൾകൊണ്ടല്ല ലൈംഗികതകൊണ്ടാണ് അവർ പൊതുവേ നേരിടാറ്. ആ ഇടത്തിലേക്കാണ് മീമുകൾ അഥവാ പോപ്പുലർ ഭാഷയിൽ ട്രോളുകൾ കടന്നുവന്നത്. ഒരു ജനതയുടെ ഉള്ളിൽ ആവർത്തിച്ച് അനുകരിക്കപ്പെടുകയും പകർത്തപ്പെടുകയും പ്രചരിപ്പിക്കപ്പെടുകയും ചെയ്യപ്പെടുന്ന ആശയമോ സാംസ്കാരിക ഘടകമോ ആണ് മീം (Meme ). ഓൺലൈനായി അതിദ്രുതം പ്രചരിക്കുന്ന ഡിജിറ്റൽ ഉള്ളടക്കങ്ങളെയാണ് ഇന്റർനെറ്റ് മീം എന്നു വിശേഷിപ്പിക്കുന്നത്. അത് ഒരു ആശയമോ ചിത്രമോ വീഡിയോയോ ഹാഷ് ടാഗോ ആവാം (എൻ പി സജീഷ് 2016 :13 ).വാക്കുകൾക്കൊപ്പം ചിത്രങ്ങളും വീഡിയോകളും ഒക്കെ ചേർത്ത് രൂക്ഷമായ ആക്ഷേപഹാസ്യമട്ടിൽ ഇന്റർനെറ്റിൽ വിനിമയം ചെയ്യപ്പെടുന്ന മീമുകളെ നാം പൊതുവേ ട്രോളുകൾ എന്നാണു വിളിക്കാറ്. ട്രോൾ എന്ന ഇംഗ്ലിഷ് പദത്തിന് ഭീകരസത്വം എന്നോ വിരൂപനായ കുള്ളൻ എന്നോ അർഥം പറയാം. 2011-ഓടെയാണ് മലയാളത്തിൽ

ട്രോളുകൾ കുറേശ്ശ പ്രത്യക്ഷപ്പെടാൻ തുടങ്ങിയത്. 2012-ൽ ആരംഭിച്ച
ട്രോൾ മലയാളം, തുടർന്ന് വന്ന ഐ സി യു (ഇന്റർനാഷണൽ ചളു
യൂണിയൻ),ആ. ഭാ.സം(ആർഷ ഭാരത സംസ്കാരം), ട്രോൾ റിപ്പബ്ലിക്,
സൈബർ ട്രോളേഴ്സ്, ട്രോൾ കേരള, മലയാളം ട്രോൾ എന്നിങ്ങനെ
നിരവധി ട്രോൾ ഉത്പാദന വിതരണവിതരണ കേന്ദ്രങ്ങൾ മലയാള
ത്തിൽ ഉണ്ട്. ഈ കൂട്ടായ്മകളുടെ ഭാഗമായും അല്ലാതെയും നിർമി
ക്കപ്പെടുന്ന ട്രോളുകൾ സമകാലീന സംഭവങ്ങളെ രൂക്ഷപരിഹാസ
ത്തിനു വിധേയമാക്കുന്നു. ഇവയിൽ പലപ്പോഴും കടന്നുവരുന്ന ഇഷ്ട
കഥാപാത്രങ്ങൾ സ്ത്രീകളാണ്. സ്ത്രീവിരുദ്ധത ഇവയുടെ ഒരു മുഖ്യ
സ്വഭാവവുമാണ്. പുരുഷന്മാർ ധാരാളമായി നടത്തുന്ന മോശം പ്രവൃ
ത്തികൾ ട്രോളിന് വിഷയമാവുന്നതിനേക്കാൾ എത്രയോ അധികമായി
വല്ലപ്പോഴും വരുന്ന സ്ത്രീകളുടെ കേസുകൾ ട്രോൾവിഷയമാകുന്നു.
ജോളിയും സ്വപ്ന സുരേഷും വരുമ്പോഴേക്കും ട്രോൾ മഴയാണ്. ഇതു
പോലെ ട്രോൾ മഴയിൽ നനഞ്ഞുകുതിർന്ന പല സ്ത്രീകളും ഉണ്ട്.
രഹന ഫാത്തിമ, രശ്മി ആർ നായർ, കനക ദുർഗ, ബിന്ദു അമ്മിണി
തുടങ്ങിയവരെല്ലാംകൂടി നിൽക്കുന്ന ഒരു ചിത്രത്തിന് താഴെ ഒരു
കുറിപ്പ്:"സ്വർണ്ണം കിട്ടിയപ്പോൾ ഉപേക്ഷിക്കപ്പെട്ട മുക്കുപണ്ടങ്ങൾ!"
സ്വപ്ന വന്നതോടെ ട്രോളൻമാരുടെ ഇവരുടെമേലുള്ള ശ്രദ്ധ കുറ
ഞ്ഞുപോയതിനെക്കുറിച്ചാണ് ഈ ട്രോൾ.

ട്രോളുലകത്തിലെ ചില കാഴ്ചകൾ ശ്രദ്ധിക്കുക..

"സരിത എന്ന വൻമരം വീണു ഇനി ആര്? സ്വപ്ന സുരേഷ്."

സ്വപ്നയും സരിതയും തമ്മിലുള്ള സംഭാഷണം:

സരിത സ്വപ്നയോട്:

"നീ അങ്ങനെ ചെയ്തത് ഏതായാലും നന്നായി, ഇല്ലേൽ ഞാൻ ഒറ്റ
പ്പെട്ടുപോയേനെ..."

"ജോളി ഇത്തിരി സയനൈഡ് സൂപ്പ് എടുക്കട്ടെ എന്ന് ചോദിച്ചു
പേടിപ്പെടുത്തുന്ന മട്ടിൽ ചിരിക്കുന്നു."

"ജോളിയുടെ കേസ് വന്നതോടെ പാചകം അറിയാത്ത പെൺകുട്ടി
കൾക്ക് വിവാഹമാർക്കറ്റിൽ ഡിമാൻഡ് കൂടി."

"അതോടെ ഭർത്താക്കന്മാർ പാചകം ചെയ്യാൻ തയ്യാറായി."

"ഭാര്യാഭർത്താക്കന്മാർ ഭക്ഷണം കഴിക്കുന്നത് ഒരു പ്ലേറ്റിൽ ആക്കി."

"ഭാര്യാഭർത്താക്കന്മാർ ഭക്ഷണം കഴിക്കുന്നത് ഒരു പ്ലേറ്റിൽ ആക്കി" → see below

"ജയിലിലെ ചപ്പാത്തി കഴിക്കാൻ വാങ്ങിയവർ ജോളി ഉണ്ടാക്കി
യതാണെന്ന് അറിഞ്ഞു പ്രാണഭയത്താൽ വിറച്ചു..." ഇങ്ങനെ എത്ര
യെത്ര ട്രോളുകൾ.

അജ്ഞാതകർതൃകത്വത്തിന്റെ സുരക്ഷിതത്വത്തിൽ ഇരുന്ന് അവർ
അക്രമോത്സുകമായ ആണത്തത്തിന്റെ ആഘോഷം നടത്തി. മേൽപ്പറ
ഞ്ഞതും ഇവിടെ പറയാൻ കൊള്ളാത്തതുമായ നിരവധി ചിത്രങ്ങളും
ദൃശ്യങ്ങളും വാക്കുകളുംകൊണ്ട് സ്ത്രീയെ ശരീരം ആക്കി, അതും
ലൈംഗികശരീരമാക്കി ചുരുക്കി, അശ്ലീല തമാശകൾക്കു വിരാജിക്കാ
നുള്ള ഇടം ആക്കി അർമാദിച്ചു.

സ്വപ്നയുടെ മേക്കപ്പിട്ട ചിത്രത്തിനൊപ്പം "ഫ്ലിപ്കാർട്ടിൽ ഓർഡർ ചെയ്തത്" എന്നും മേക്കപ്പില്ലാത്ത ചിത്രത്തിനൊപ്പം "കൈയിൽ കിട്ടിയപ്പോൾ" എന്നും കമന്റ് ഇട്ട് രസിച്ചു. ഈ രണ്ടു ചിത്രങ്ങളും ചേർത്ത് മേക്കപ്പ് ഇട്ട് ആളെ വഞ്ചിച്ചതിനു വിശ്വാസവഞ്ചനയ്ക്ക് കേസെടുക്കണമെന്ന് മറ്റൊരു ട്രോൾ. സർക്കാരിന്റെ സ്വപ്ന കേരളം പദ്ധതി സ്വപ്നയുടെ കേരളം ആക്കി മാറ്റി. ഇങ്ങനെ ഏകപക്ഷീയമായി സ്ത്രീ ശരീരത്തെയും സ്ത്രീയുമായി ബന്ധപ്പെട്ട സമകാലിക സംഭവങ്ങളെയും ലൈംഗികതയും കടുത്ത പരിഹാസരൂപംകൊണ്ട് ആഘോഷിച്ചു.

## സ്ത്രീവിരുദ്ധതയുടെ കേരള മോഡൽ

വ്യത്യസ്തമായ ഒരു വികസനാനുഭവത്തിലൂടെ കടന്നുപോയ സംസ്ഥാനമാണ് കേരളം. താരതമ്യേന കുറഞ്ഞ ആളോഹരി വരുമാനവും വികസിതരാഷ്ട്രങ്ങളോടു കിടപിടിക്കുന്ന ജീവിതഗുണനിലവാര സൂചികയും തമ്മിലുള്ള പൊരുത്തമില്ലായ്മയാണ് കേരളത്തെ വികസന ചിന്തകരുടെ ശ്രദ്ധയിലേക്ക് എത്തിച്ചത്. വിദ്യാഭ്യാസ ആരോഗ്യരംഗങ്ങളിൽ കൈവരിച്ച നേട്ടങ്ങൾകൊണ്ട് നാം പ്രശംസിക്കപ്പെടുമ്പോൾ മറുവശത്തുള്ള അമിതമായ ഉപഭോഗപ്രവണത, തൊഴിലില്ലായ്മ, സ്ത്രീപീഡനം തുടങ്ങിയവയെല്ലാം ചേർന്നാണ് വൈരുധ്യങ്ങളുടെ കേരള വികസന മാതൃക രൂപപ്പെട്ടത്. ഇന്ത്യൻ സംസ്ഥാനങ്ങളിൽ വെച്ച് ഏറ്റവും ഉയർന്നതും സ്ത്രീ അനുകൂലവുമായ സ്ത്രീ പുരുഷ അനുപാതം, ഏറ്റവും ഉയർന്ന സ്ത്രീ വിദ്യാഭ്യാസ നിരക്ക്; അതേസമയംതന്നെ ഇവയോട് ഒട്ടും ഒത്തുപോകാത്ത വളരെ കുറഞ്ഞ തൊഴിൽ പങ്കാളിത്ത നിരക്ക് എന്നിവ നാം സവിശേഷം ശ്രദ്ധിക്കേണ്ടതാണ്. അതിനർത്ഥം അഭ്യസ്തവിദ്യരും തൊഴിൽരഹിതരും ആയ സ്ത്രീകളുടെ ആധിക്യമാണ് നമ്മുടെ സാമൂഹ്യ യാഥാർത്ഥ്യത്തിന്റെ ഒരു ഞെട്ടിപ്പിക്കുന്ന വശം എന്നതാണ്. പഠിച്ച് തൊഴിൽ ചെയ്യാനുള്ള ശേഷി നേടിയിട്ടും ചെയ്യാതെ, വരുമാനമില്ലാത്ത വീട്ടുജോലികൾ ചെയ്യാൻ നിർബന്ധിതരാവുന്ന സ്ത്രീകളുടെ അവസ്ഥയും ഒപ്പം 'വിഷലിപ്തമായ പുരുഷാധിപത്യം' എന്ന് വിളിക്കാവുന്ന തരത്തിലുള്ള സൂക്ഷ്മ സ്ഥൂലതലങ്ങളിലെ ശക്തമായ ആൺകോയ്മയും ചേർന്ന് സൃഷ്ടിച്ച സങ്കീർണ്ണതകൾ ഇവിടെ നിലനിൽക്കുന്നു.

പത്തൊമ്പതാം നൂറ്റാണ്ടിലെ അന്ത്യത്തിൽ ആരംഭിച്ച നിരവധിയായ മുന്നേറ്റങ്ങളുടെയും സമരങ്ങളുടെയും ആത്മസമർപ്പണങ്ങളുടെയും ഒക്കെ ഫലമായാണ് 'വീടാം കൂട്ടിൽ കുരുങ്ങിയ' കേരളീയ സ്ത്രീകൾ കുറേശ്ശയായി അരങ്ങത്തെത്തിയത്. നവോത്ഥാനത്തിന്റെ ഇനിയും എഴുതാൻ ബാക്കിയുള്ള സ്ത്രീചരിത്രങ്ങൾ എത്രയെത്ര! പല തരത്തിലുള്ള സ്ത്രീ മുന്നേറ്റങ്ങളുടെയും എഴുപതുകളോടെ രൂപപ്പെട്ട സ്വതന്ത്ര സ്ത്രീവിമോചന പ്രസ്ഥാനങ്ങളുടെയും അവകാശങ്ങൾ നേടിയെടുക്കാനായി ജീവിതം സമർപ്പിച്ച നിരവധി ആളുകളു

ടെയും പരിശ്രമങ്ങളുടെ ഫലമാണ് കേരളീയസ്ത്രീ നേടിയെടുത്ത സാമൂഹിക ഇടം. അത് ഉദ്ദേശിച്ച വേഗതയിൽ അല്ലെങ്കിലും പതുക്കെ കൂടിവരിക തന്നെയാണ്. അരങ്ങിൽ എത്തുന്ന സ്ത്രീയോട് പെട്ടെന്നു തിരികെ വീട്ടിലെത്തി വീട്ടിലെ ഉത്തരവാദിത്തങ്ങൾകൂടി ഒറ്റയ്ക്ക് പേറണമെന്ന പുരുഷാധിപത്യനിലപാടിന് വലിയ മാറ്റമൊന്നും സംഭവിച്ചിട്ടില്ല. മാത്രവുമല്ല സ്ത്രീകൾ പരിമിതമായ തോതിലെങ്കിലും നേടിയ സാംസ്കാരിക മൂലധനവും സാമ്പത്തികനേട്ടവും പദവിയും അതുവഴി ഉണ്ടായ താൻപോരിമയും പുരുഷാധിപത്യത്തെ തെല്ലൊന്നുമല്ല വിറളി പിടിപ്പിക്കുന്നത്. സ്ത്രീകൾ മാറുന്നുണ്ട്. മാറാൻ മടിക്കുന്നത് തന്റെ സവിശേഷാധികാരങ്ങൾ നഷ്ടപ്പെടുമെന്നു ഭയക്കുന്ന ആണധികാരികൾ ആണ്. ചോർന്നുപോകും എന്ന് ഭയക്കുന്ന തന്റെ അധികാരാവകാശങ്ങളെ ആൺകോയ്മ കൂടുതൽ ശക്തമായി നടപ്പിലാക്കുകയും സ്ത്രീകളുടെ സ്വാതന്ത്ര്യത്തിനും സ്വത്വാവിഷ്കാരത്തിനും പരിധി കല്പിക്കുകയും ചെയ്യുന്നു. ഇത് ആൺപെൺ ബന്ധങ്ങളെയും വീട്ടകങ്ങളെയും സംഘർഷഭരിതമാക്കുന്നു. ഇത് കൂടുതൽ നിയന്ത്രണങ്ങളായും മതശാസനകളായും സദാചാര പോലീസിങ്ങായും ദുരഭിമാനക്കൊലകളായും ശാരീരിക ലൈംഗികപീഡനങ്ങളായും അതോടൊപ്പം യഥാർത്ഥ ലോകത്തിന്റെ പതിപ്പായ സൈബർ സ്പേസിൽ നടക്കുന്ന തെറിവിളികളായും ഭീഷണികളായും അപമാനശ്രമങ്ങളായും ട്രോളുകൾ ആയും തമാശകളായുംകൂടി പ്രത്യക്ഷപ്പെടുന്നു. അങ്ങനെ കേരളം എന്നപോലെ മലയാളം സൈബർസ്പേസും സ്ത്രീവിരുദ്ധതയുടെ ഭൂമികയായി മാറി.

സ്വതേതന്നെ ഇങ്ങനെ സ്ത്രീവിരുദ്ധമായ ആൺ കേരളത്തിലാണ് കെ പി റഷീദ് സൂചിപ്പിച്ചപോലെ ആണിനെയും പെണ്ണിനെയും നിർബന്ധിച്ച് അടച്ചിട്ട ബിഗ് ബോസ് വീടുകൾ കൊറോണക്കാലത്ത് ഉണ്ടായത്(2020). ഈ ബിഗ് ബോസ് വീടുകളിൽ ഇരുന്ന് ആണുങ്ങൾ നടത്തുന്ന ഒഴിവുദിവസത്തെ കളികൾ ആണ് മുകളിൽ വിവരിച്ച ട്രോളുകൾ. അപ്പോഴൊക്കെ അവൾക്ക് ഒഴിവുദിവസം അല്ലായിരുന്നു. ഒഴിവുസമയം പതിവിലും കുറഞ്ഞുപോയതിനാൽ വല്ലാതെ വിയർത്തു തളർന്ന് അവൾ പണിയെടുക്കുകയായിരുന്നു. അടച്ചിടപ്പെട്ട വീടുകൾക്കകത്ത് നിശ്ശബ്ദമായി കുടിയിരിക്കുന്ന ഹിംസയെക്കുറിച്ച് ആദ്യ സൂചന തന്നത് ഈ ട്രോളുകളായിരുന്നു. 2020 മാർച്ച് അവസാനത്തോടെ അവ പ്രത്യക്ഷപ്പെട്ടുതുടങ്ങി. ആ അപായസൂചനകൾക്കു പിന്നാലെയാണ് വീടുകളിൽ നടക്കുന്ന യഥാർത്ഥ ഹിംസകളും ഗാർഹിക പീഡനങ്ങളും വെളിയിൽ വരാൻ തുടങ്ങിയത്. നിരവധി രാജ്യങ്ങളിൽനിന്ന് ഇത്തരം പഠനറിപ്പോർട്ടുകൾ ഇപ്പോൾ ലഭ്യമാണ്. കേരളത്തിലെ കഥയും വ്യത്യസ്തമല്ല. 2020 ഓഗസ്റ്റ് മാസം ആയപ്പോഴേക്കും കേരളത്തിൽ സ്ത്രീകൾക്ക് നേരെയുള്ള പീഡനങ്ങളും അക്രമങ്ങളും കടന്ന് അത് കുട്ടികളിലേക്കും വ്യാപിച്ചതിന്റെയും

തത്ഫലമായി അറുപതോളം കുട്ടികൾ സ്വയം ജീവനൊടുക്കിയതിന്റെയും കഥകൾകൂടി നാം ഇതിന്റെ തുടർച്ചയായി വായിക്കേണ്ടതാണ്. തനിക്ക് നേരെ വരുന്ന ശാരീരികവും മാനസികവുമായ അതിക്രമങ്ങൾക്കൊന്നും കുഞ്ഞുങ്ങൾക്കു നേരെ വരുന്ന ഹിംസകൾക്കും തടയിടാൻ ആവാതെ നിസ്സഹായരായി കഴിയേണ്ടിവരുന്ന സ്ത്രീകളുടെ ദീർഘമായ ജീവിതാവസ്ഥകളിലേക്കു ഫലപ്രദമായി ഇടപെടാൻ നമ്മുടെ ഒരു സംവിധാനങ്ങൾക്കും ആയിട്ടില്ല എന്നും അറിയേണ്ടതുണ്ട്. ആ തിരിച്ചറിവ് കൂടി ലോക്ക്ഡൗൺ കാലം നമുക്ക് തന്നു. ആ അവസ്ഥ പരിഹരിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചുള്ള ബോധവും.

## ആൺകേരളത്തിലെ ഹാസ്യം

കേരളം 'കഠോരമായ', കൃത്യമായി പറഞ്ഞാൽ, വിഷലിപ്തമായ പുരുഷാധിപത്യം പുലരുന്ന ഒരു നാടാണ്. ഇവിടുത്തെ ഹാസ്യപാരമ്പര്യം പരിശോധിച്ചാൽ അതിൽ സ്ത്രീവിരുദ്ധതയുടെ ശക്തമായ ഒരു അന്തർധാര ഉണ്ടെന്നു കണ്ടെത്താനാവും. എത്രയെങ്കിലും ഉദാഹരണങ്ങൾ ചരിത്രത്തിൽനിന്ന് എടുത്തു കാണിക്കാൻ ഉണ്ട്. 'കവന മണി കവള്ള, കാണട്ടെ വൃത്തം" എന്ന് കവയിത്രിയെ പരിഹസിച്ചതൊക്കെ ഇതിലെ ചില ചെറിയ ഏടുകൾ മാത്രം. പാരഡി ഗാനങ്ങളും ജനപ്രിയമായ പല പ്രസംഗങ്ങളും സ്റ്റേജ് കോമഡി ഷോകളും സിനിമയിലെ ഹാസ്യരംഗങ്ങളും ടെലിവിഷനിലെ കോമഡി പരിപാടികളും സാമൂഹ്യ മാധ്യമങ്ങളിലെ തമാശകളും ഒക്കെ കേരളീയ ഹാസ്യത്തിന്റെ സ്ത്രീവിരുദ്ധമുഖം പ്രകടമാക്കുന്നു. പീഡനകഥകൾ പറയുന്ന സ്ത്രീയോട് "ഇത്രയും പീഡിപ്പിച്ചിട്ടും നീ നന്നായില്ലേ?" എന്നു ചോദിച്ചും 75 കാരിയായ മുത്തശ്ശിയെ ക്രൂരമായി പീഡിപ്പിച്ചത് വായിച്ച് അതിനു താഴെ 'അവർ ചരക്കായിരിക്കും' എന്ന് അതിലും ക്രൂരമായി കമന്റടിച്ചും ആ പാരമ്പര്യം അഭംഗുരം തുടരുന്നു. സ്ത്രീയെ അല്ലാതെ പരിഹസിക്കാൻ ഇത്രയും ഒരു ഭ്രമിപ്പിക്കുന്ന വിഷയം കേരളീയ പുരുഷന്മാർക്ക് വേറേ കിട്ടിയിട്ടില്ല. അവളുടെ ചെറുതും വലുതുമായ തെറ്റുകൾ, വിഡ്ഢിത്തരങ്ങൾ, ആഡംബരഭ്രമങ്ങൾ തുടങ്ങി എല്ലാം അതിശക്തമായി പലപ്പോഴും അപമാനിച്ചുകൊണ്ട് തന്നെ പരിഹസിക്കപ്പെടുന്നു. ഏറ്റവും വലിയ മറ്റൊരു തമാശ, സ്ത്രീവിരുദ്ധത പറയുകയോ പ്രചരിപ്പിക്കുകയോ ചെയ്യുന്ന ആണുങ്ങളെ വീര നായകന്മാരായി വാഴ്ത്തുമ്പോൾ, ഇത്തരം കാര്യങ്ങൾ പറയുന്ന സ്ത്രീകളെ ട്രോളി കൊല്ലുകയാണ് എന്ന വൈരുദ്ധ്യാത്മകമായ യാഥാർത്ഥ്യമാണ്. ബിഗ് ബോസിൽ പങ്കെടുത്ത് ഇത്തരം കടുത്ത സ്ത്രീവിരുദ്ധത വിളമ്പിയ രജിത് കുമാറിനെ ആരാധകസംഘങ്ങൾ ആർപ്പുവിളിച്ചു കൊണ്ടാടിയപ്പോൾ, ആനീസ് കിച്ചണിൽ താരതമ്യേന ലഘുവായ സ്ത്രീവിരുദ്ധത പറഞ്ഞ ആനിയെ അതേ ആളുകൾ മത്സരിച്ചു പരിഹസിക്കുന്നു. അതിനർത്ഥം സ്ത്രീകളെ

ഞങ്ങൾ കുറ്റംപറഞ്ഞോളാം, പരിഹസിച്ചോളാം, നിങ്ങൾ അതിനു തുനിഞ്ഞാൽ നിങ്ങളെ ഞങ്ങൾ കൈകാര്യം ചെയ്യും എന്നുള്ള ആൺയുക്തിയാണ് ഇവിടെ നിലനിൽക്കുന്നത് എന്നാണ്. തറവാട്ടിൽ പിറന്ന സ്ത്രീകൾക്ക് പറഞ്ഞിട്ടുള്ള പണി ആണുങ്ങൾ ഇങ്ങനെ പടച്ചുവിടുന്ന സ്ത്രീവിരുദ്ധമായ ട്രോളുകൾ പങ്കിട്ടും കൈയടിച്ചും രസിക്കുക, പ്രോത്സാഹിപ്പിക്കുക എന്നതുമാത്രമാണ് എന്ന് ആണധികാരം വിധിക്കുന്നു. അങ്ങനെ ട്രോളുകൾ വിഷലിപ്തമായ ആൺകോയ്മ ഉള്ളിൽ പേറുന്ന സാമൂഹ്യവിരുദ്ധരുടെയും പെർവെർട്ടുകളുടെയും സംഗമസ്ഥലംകൂടി ആകുന്നു. ഒരു പരിചയവുമില്ലാത്ത സ്ത്രീകളെയും പെൺകുട്ടികളെയും അധിക്ഷേപിക്കുകയും തെറിവിളിക്കുകയും വേശ്യയാക്കി അപമാനിക്കുകയും അത്തരം കമന്റുകളെ പ്രോത്സാഹിപ്പിക്കുകയും ഒക്കെ ചെയ്യുന്നത് യാതൊരു മനസ്സാക്ഷിക്കുത്തുമില്ലാതെ കേരളം ആസ്വദിക്കുന്നു. ജനപ്രീതിയാർജ്ജിച്ച മല്ലു അനലിസ്റ്റ് (വൃന്ദ & വിവേക്) എന്ന യൂട്യൂബ് ചാനൽ ചോദിക്കുന്നപോലെ ഇത്തരം ട്രോളുകളും അതിന് വിധേയരാവുന്ന ഇരകളും എപ്പോഴും ഭൂരിപക്ഷ ചിന്തയ്ക്ക് അനുസൃതമാവുന്നത് എന്തുകൊണ്ടാണ്?(2020). ആൺകോയ്മയിൽ അധിഷ്ഠിതമായ പൊതുബോധം അതിന്റെ നിയമാവലികൾ അല്ലെങ്കിലും തെറ്റിച്ചു എന്ന് തോന്നുന്ന സ്ത്രീകളെ സാമൂഹ്യവിരുദ്ധർക്ക് തെറിവിളിക്കാൻ വിട്ടുകൊടുക്കുന്ന കാഴ്ചകൾ സുലഭമാണ്. ഇതെല്ലാം കാണുമ്പോൾ മനസ്സിൽ ഉയരുന്ന ചില ചോദ്യങ്ങളുണ്ട്. കേരളം വിഷലിപ്തമായ ഈ പുരുഷാധിപത്യത്തിൽനിന്ന് എന്നെങ്കിലും മോചനം നേടുമോ?സ്ത്രീകളെ പരിഹസിച്ചുകൊണ്ട് അല്ലാതെ ഹാസ്യം രചിക്കുവാൻ എന്നെങ്കിലും നാം പഠിക്കുമോ? കാലം ഉത്തരം തരട്ടെ.

### കോവിഡാനന്തരകാലത്തിലേക്ക് നോക്കുമ്പോൾ...

ഒരു രാജാവ് എല്ലാ കാലത്തും എല്ലാ സന്ദർഭത്തിലും പ്രസക്തമായ ഒരു വാക്യം രചിക്കാൻ ആവശ്യപ്പെട്ടു 'ഇതും കടന്നുപോകും'(This too shall pass) എന്ന വാക്യം അങ്ങനെ എഴുതപ്പെട്ടതാണത്രേ. അതുപോലെ നാം ഇതും കടന്നുപോകും. ഇതുപോലെ എത്രയോ സന്ദർഭങ്ങൾ കടന്നുപോയ ചരിത്രം നമുക്കുണ്ടല്ലോ. ഈ കാലവും കടന്നു പോകും. എല്ലാം സാധാരണ നിലയിലെത്തും. പക്ഷേ, അങ്ങനെ നാം ചെന്നെത്തുന്ന കാലത്തിന് എന്തെല്ലാം വ്യത്യാസങ്ങൾ ഉണ്ടായിരിക്കും? ഉണ്ടാവണം?

ഓരോ പ്രതിസന്ധിയും നിരവധി തിരിച്ചറിവുകൾ കൂടി നമുക്ക് തരുന്നു. തിരിച്ചറിവുകളുടെ വെളിച്ചത്തിൽ നാം നമ്മെത്തന്നെ പുതുക്കിപ്പണിയുന്നു. അങ്ങനെ അതിജീവിച്ച് വരുന്ന പുതിയ ലോകവും അതിലെ പുതിയ മനുഷ്യരും എങ്ങനെ ഉള്ളവരായിരിക്കും? ആയിരിക്കണം? ആദ്യത്തെ തിരിച്ചറിവ് നാം ഉണ്ടെന്നു പറയുന്ന വലിയ സം

ഭവങ്ങൾ ഒന്നും അത്ര വലുതല്ല എന്നതാണ്. കണ്ണുകൊണ്ട് കാണാൻ പറ്റാത്ത അത്ര ചെറിയ ഒരു സൂക്ഷ്മാണുവിനു മുന്നിൽ വിറയ്ക്കാൻ മാത്രം ഒക്കെയേ ഉള്ളൂ നാം ഉണ്ടാക്കിയ വലിയ നേട്ടങ്ങൾ. ജീവിതം ഇത്രയൊക്കെ ഉള്ളൂ. രണ്ടാമത്തെ തിരിച്ചറിവ് ഈ വലിയ പ്രകൃതിയുടെ ഒരു ചെറിയ ഭാഗംമാത്രമാണ് നാം എന്ന ബോധത്തോടെ വിനയാന്വിതരായി ജീവിക്കണം എന്നതാണ്. മൂന്നാമത്തേത് സമ്പൂർണ്ണ ലോക്ഡൗൺ ആയി വീട്ടിൽ ഇരിക്കുമ്പോൾ ഇതുപോലെ ജീവിതം മുഴുവൻ കഴിയുന്ന ഒരു വലിയ വിഭാഗം മനുഷ്യർ ഇവിടെയുണ്ട് എന്നതാണ്. 'സ്ത്രീകൾ.' അവരെ അടച്ചിടുന്നത് വൈറസ് അല്ല അതിനേക്കാളും കുഴപ്പംപിടിച്ച ആൺകോയ്മ ആണ്. ഈ ആൺകോയ്മയും കൊറോണ വൈറസും ഇവിടെനിന്ന് പോവാൻ വേണ്ടിയുള്ള കാരുണ്യപൂർവ്വമായ ശ്രമങ്ങളിൽ ലിംഗഭേദമന്യേ എല്ലാ മനുഷ്യരും പങ്കാളികളാകണം. ആരും ആരെയും ഭരിക്കുകയും ഭയപ്പെടുത്തുകയും ചെയ്യാതെ തീരെ ചെറിയ ഈ ജീവിതം ജീവിച്ചുകൂടേ നമുക്ക്? 'ചെറിയൊരീ പ്രാണനും കൈയിൽവെച്ച് കനലിൽ ചവിട്ടി'(സച്ചിദാനന്ദന്റെ പ്രയോഗം) നാം മർത്യർ ഓടുന്ന ഈ ഓട്ടത്തിൽ എല്ലാവരെയും കൈകോർത്തു പിടിച്ചുകൂടേ?

ഈയൊരു തിരിച്ചറിവ്, എല്ലാവരെയും ഉൾക്കൊള്ളാനും ചേർത്ത് നിർത്താനുമുള്ള തിരിച്ചറിവ്, ചില ആണുങ്ങൾക്കെങ്കിലും ഈ ലോക്ക്ഡൗൺജീവിതം നൽകിയിരിക്കണം. അക ജീവിതങ്ങളുടെ ജോലിഭാരവും വിരസതയും അവർ തിരിച്ചറിഞ്ഞിരിക്കണം. അത് അവരെ പങ്കിടലിന്റെ ആഹ്ലാദങ്ങളിലേക്കു നയിച്ചിരിക്കണം.

സ്ത്രീകൾ തന്നിൽതന്നെയും സ്വന്തം വർഗ്ഗത്തിലും സമൂഹത്തിലും കുടികൊള്ളുന്ന സ്ത്രീവിവേചനങ്ങളെ തിരിച്ചറിയുകയും സംഘടിതമായി ഇല്ലാതാക്കാനുള്ള ശ്രമങ്ങളിൽ ഏർപ്പെടുകയും വേണം. വിശ്രമസമയങ്ങൾ, സർഗാത്മകതയുടെ ഉന്മാദങ്ങൾ, സ്വന്തമായ ആനന്ദങ്ങൾ, ആത്മാഭിമാനം, സ്വകാര്യതകൾ, തന്റേടം ഒക്കെ സ്ത്രീകൾക്കും കൂടിയുള്ളതാണ്. ഇതുവരെ നേടിയ നേട്ടങ്ങൾ, ഒക്കെ കൂട്ടായി ശബ്ദമുയർത്തി നേടിയവതന്നെയാണ്. ഇനിയും കൂട്ടായി ശബ്ദം ഉയർത്തിക്കൊണ്ടേയിരിക്കുക. ഉറങ്ങുകയാണെന്നു വിചാരിക്കുന്നവർ ഉണരുംവരെ.

*(മലയാളം സർവകലാശാലയിൽ അസോസിയേറ്റ് പ്രൊഫസറാണ് ലേഖിക)*

## സഹായക പഠനങ്ങൾ

1. സജീഷ് എൻ പി. 2016. മലയാളികളെ പൊട്ടിച്ചിരിപ്പിക്കുന്ന ട്രോളുകൾ, ഡി സി ബുക്സ്,കോട്ടയം.
2. ദേവിക ജെ 2016. കുലസ്ത്രീയും ചന്തപ്പെണ്ണും ഉണ്ടായതെങ്ങനെ, സെന്റർ ഫോർ ഡവലപ്മെന്റ് സ്റ്റഡീസ്, തിരുവനന്തപുരം

3. റഷീദ് കെ പി 2020."വാതിലിനപ്പുറം: ലോക്ക്ഡൗൺ കാലകുറിപ്പുകൾ", ഏഷ്യാനെറ്റ് ന്യൂസ് ഡോട്ട് കോം.
4. ബ്ലൂ അനലിസ്റ്റ് ഫേസ്ബുക്ക് പേജ്
5. സച്ചിദാനന്ദന്റെ 'എവിടേയ്ക്കു നുര കുത്തിയൊഴുകുന്നു' എന്ന ഗസൽ
6. പ്രിയ ലത, അബ്ദുൾ സലിം ഇ കെ, പ്രമോദ്, സുബ്രഹ്മണ്യൻ, രേഖ എന്നിവർ ശേഖരിച്ചു നല്കിയ ട്രോളുകൾ